# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3801      17.10.2011 ൽ മറുപടിക്ക്

**<u>ബസ് ചാർജ് വർദ്ധന</u>**

| <u>ചോദ്യം</u><br>ശ്രീ. ബാബു എം. പാലിശ്ശേരി | <u>ഉത്തരം</u><br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് ബസ് ചാർജ് വർദ്ധിപ്പിച്ചതിന്റെ ഭാഗമായി, എക്സ്പ്രസ്സ് ഫാസ്റ്റ് പാസഞ്ചർ , ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ വിഭാഗങ്ങൾക്ക് കിലോമീറ്ററിന് എത്ര പൈസ വീതമാണ് വർദ്ധിപ്പിച്ചത്; | (എ) സൂപ്പർ എക്സ്പ്രസ്സ്, ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ വിഭാഗങ്ങൾക്ക് പൈസ / കിലോമീറ്റർ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ഇവയിൽ ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ എന്നിവയുടെ മിനിമം ചാർജ്ജ് 2 രൂപയും ഓർഡിനറിയുടെ മിനിമം ചാർജ്ജ് 1 രൂപയും വർദ്ധിപ്പിച്ചിട്ടുണ്ട്. അതേ സമയം മിനിമം ചാർജ്ജിൽ യാത്ര ചെയ്യാവുന്ന ദൂരപരിധി 2.5 കി.മീറ്ററിൽ നിന്ന് 5 കി. മീറ്ററായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതു പ്രകാരം മേൽ വിഭാഗങ്ങളുടെ ഓരോന്നിന്റെയും കിലോമീറ്ററിനുള്ള പൈസ എത്രയാണ്; ചാർജ് വർദ്ധനയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. യുടെ കളക്ഷനിൽ എത്ര രൂപയുടെ വർദ്ധന ഉണ്ടായിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ? | (ബി) മേൽ വിഭാഗം ബസ്സുകൾക്ക് പഴയ കിലോമീറ്റർ / പൈസ നിരക്ക് തന്നെയാണ് ഇപ്പോഴുമുള്ളത്. അതായത് സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ്സുകൾക്ക് 65 പൈസ / കിലോമീറ്ററും ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ എന്നിവയ്ക്ക് 57 പൈസ / കിലോമീറ്ററും ഓർഡിനറിക്ക് 55 പൈസ / കിലോമീറ്ററും ആകുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ കളക്ഷനിൽ ഉണ്ടായ വർദ്ധനവിനെക്കുറിച്ചുള്ള വിവരം (ചാർജ്ജ് വർദ്ധനവിന് 15 ദിവസത്തിന് മുമ്പും 15 ദിവസത്തിനു ശേഷവുമുള്ള കളക്ഷൻ താരതമ്യം ചെയ്തുകൊണ്ട്) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## Fare revision w.e.f 08.08.2011

**Comparison of collection for 15 days before and after fare revision**

| | |
|---|---|
| Operated Kms 08/08/2011 to 22/08/2011 | : 22709871 |
| Collection from 08/08/2011 to 22/08/2011 | : 605539180 |
| EPKM | : Rs 26.66 |
| Collection in 2011 @ EPKM Rs. 23.21 (22709871 X 23.21) | : 527096106 |
| Difference:(60,55,39,180 – 52,70,96,106) (14.88%) | : 78443074 |
| 15 days comparison | : 14.88 % |